Draft #2 of File 10695/AD A5/1/2019/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 25-Jul-2019 12:20 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം-സർവ്വകലാശാല ലൈബ്രറി- ശ്രീ ശ്രീകുമാർ.വി ,അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I- ഡെപ്യൂട്ടി ലൈബ്രേറിയൻ സ്ഥാനക്കയറ്റം- ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No.8870/2019 നമ്പർ ഹർജിയിൽ 04.07.2019 ൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 3529/AD A 5/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 25.07.2019

---

പരാമർശം:-1.ശ്രീ.ശ്രീകുമാർ.വി,അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No.8870/2019 നമ്പർ ഹർജിയിൽ 04.07.2019 ൽ പുറപ്പെടുവിച്ച വിധിന്യായം

2.30.03.2019ലെ 1326/AD A5 /2019/എം.ജി.യു നം സർവ്വകലാശാല ഉത്തരവ്

3 . GO(P) No.42/2016/p&ARD തീയതി 20.12.2010

**<u>ഉത്തരവ്</u>**

ഡോ.ലൈല ടി എബ്രഹാം, 31.03.2019 ൽ വിരമിച്ച ഒഴിവിൽ 01.04.2019 ൽ നിലവിൽ വന്ന ഡെപ്യൂട്ടി ലൈബ്രേറിയൻ തസ്തികയിലേക്കും അതിന്റെ തുടർച്ചയായുള്ള ഒഴിവുകളിലേക്കും പരാമർശം (2) പ്രകാരം ഉദ്യോഗക്കയറ്റം നൽകിയിരുന്നു.സർവ്വകലാശാല ലൈബ്രറിയിലെ ഡെപ്യൂട്ടി ലൈബ്രേറിയൻ സ്ഥാനക്കയറ്റം സംബന്ധിച്ച് ശ്രീ.ശ്രീകുമാർ.വി അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 8870/2019 നമ്പർ ഹർജിയിൽ 04.07.2019 ൽ പുറപ്പെടുവിച്ച പരാമർശം (1) വിധിന്യായം പ്രകാരം ഈ ഉത്തരവ് റദ്ദാക്കാനും ഒഴിവുവന്ന ഡെപ്യൂട്ടി ലൈബ്രേറിയൻ തസ്തികയിലേക് ശ്രീ .ശ്രീകുമാർ.വി അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I ന് സ്ഥാനക്കയറ്റം നൽകുന്നതിനും ബഹു.കേരള ഹൈക്കോടതി ഉത്തരവിട്ടു.

ബഹു.ഹൈക്കോടതിയുടെ WP(C) 8870/2019 നമ്പർ വിധിന്യായം താഴെ പറയും പ്രകാരം നടപ്പാക്കുന്നതിന് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1 .സർവ്വകലാശാല ഉത്തരവ് നമ്പർ 1326 / എ ഡി എ 5 / 2019 / എം.ജി .യു തീയതി 30 .03 .2019 ഉത്തരവ് റദ്ദ് ചെയ്യുന്നതിന്

2 .ശ്രീ.ശ്രീകുമാർ.വി,അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I ന് ഡോ.ലൈല ടി എബ്രഹാം , വിരമിച്ച ഒഴിവിൽ ഡെപ്യൂട്ടി ലൈബ്രേറിയൻ(നോൺ-യു.ജി.സി )തസ്തികയിലേക്ക് ഉടൻ പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകുന്നതിനും അതേത്തുടർന്നുള്ള ഉദ്യോഗക്കയറ്റം ,തരം താഴ്ത്തൽ എന്നിവ നടപ്പാക്കുന്നതിന്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

3 .സർവ്വകലാശാലയ്ക്ക് ബാധകമായ 2009,2014 എന്നീ ശമ്പള പരിഷ്കരണ ഉത്തരവുകളിൽ ഡെപ്യൂട്ടി ലൈബ്രേറിയൻ (നോൺ-യു.ജി.സി) തസ്തികയുടെ ശമ്പള സ്കെയിൽ ലഭ്യമല്ലാത്തതിനാൽ ഇത് സംബന്ധിച്ച് സർക്കാർ അനുമതി തേടുന്നതിന്

4. സർവ്വകലാശാല ലൈബ്രേറിയന്റെ താൽക്കാലിക ചുമതല തുടർന്നും വഹിക്കുന്നതിന് ശ്രീമതി.അന്നു.ജോർജ്ജിനെ അനുവദിക്കുന്നതിന്

ചുമതലാ വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മാത്രമേ സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യം ലഭിക്കുകയുള്ളൂ .

പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേക്ക് 01.04.2010 നോ അതിന് ശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ സേവനകാലാവധിക്കുള്ളിൽ ആറു മാസം എന്ന് നിജപ്പെടുത്തിയിട്ടുണ്ട്.ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻ ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറു മാസക്കാലത്തെ സേവനകാലം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാരീസ് പി വൈ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ
2. യൂണിവേഴ്സിറ്റി ലൈബ്രേറിയൻ ഇൻ-ചാർജ്ജ്
3.വൈസ് ചാൻസലർ,പ്രൊ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി
4.രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ
5.എ.ആർII (ഭ.വി)/ഡി.ആർ II(ഭ.വി) /ജെ.ആർ I (ഭ.വി)
6.ജനറൽ ക്യാഷ്/ഫിനാൻസ് I, II,III,IV ./ഓഡിറ്റ് II, III/എഫ്.സി.സി
7.ഐ.ക്യു.എ.സി/ CITAD
8.കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ലീഗൽ സെക്ഷൻ
9.ജോയിന്റ് ഡയറക്ടർ,കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
10.റിക്കാർഡ്സ് സെക്ഷൻ/കരുതൽ ഫയൽ/ഫയൽ കോപ്പി

Draft #2 of File 10695/AD A5/1/2019/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 25-Jul-2019 12:20 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം